# എ.ടി.വി. നിർമ്മിച്ച് വിശ്വജ്യോതി വിദ്യാർഥികൾ

**വാഴക്കുളം:** ഓട്ടോ സ്പോർട്സ് ഇന്ത്യ എൻജിനീയറിംഗ് വിദ്യാർഥികൾക്ക് വേണ്ടി ഗോവയിൽ സംഘടിപ്പിക്കുന്ന നാഷണൽ മെഗാ എ.ടി.വി. ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനായി വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് വിദ്യാർഥികൾ നിർമ്മിച്ച എ.ടി.വിയുടെ (ഓൾ ടെറെയ്ൻ വെഹിക്കിൾ) ലോഞ്ച് കോളജ് മാനേജർ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ, ഡയറക്ടർ ഫാ. പോൾ നെടുംപുറത്ത് എന്നിവർ ചേർന്ന് നിർവഹിച്ചു.



● വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് വിദ്യാർഥികൾ നിർമ്മിച്ച എ.ടി.വിയുടെ ലോഞ്ച് കോളജ് മാനേജർ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ, ഡയറക്ടർ ഫാ.പോൾ നെടുംപുറത്ത് എന്നിവർ ചേർന്ന് നിർവഹിക്കുന്നു.

പ്രിൻസിപ്പൽ ഡോ. കെ.കെ. രാജൻ, വൈസ് പ്രിൻസിപ്പൽ സോമി പി. മാത്യു, മെക്കാനിക്കൽ വിഭാഗം മേധാവി ഡോ. കെ. ഷണ്മുകേഷ് എന്നിവർ സന്നിഹിതരായിരുന്നു. രാജ്യത്തെ പ്രമുഖ എൻജിനീയറിംഗ് കോളജുകൾ പങ്കെടുക്കുന്ന ചാമ്പ്യൻഷിപ്പിലാണ് വിശ്വജ്യോതി പങ്കെടുക്കുക. കോളജിലെ ഇൻവിക്റ്റസ് ടെക്നിക്കൽ ക്ലബിന്റെ നേതൃത്വത്തിൽ 31 വിദ്യാർഥികളുടെ ടീം ആണ് എ.ടി.വി. നിർമ്മിച്ചത്.